പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2772 — 27.01.2014 ന് മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടം ശോച്യാവസ്ഥയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവന്റെ രണ്ടാം ഘട്ട നിർമ്മാണം പൂർത്തിയാകുന്നതുവരെ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കെട്ടിടത്തിലേയ്ക്ക് മാറ്റുവാനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ ഭവന്റെ രണ്ടാം ഘട്ടനിർമ്മാണം പൂർത്തിയാകുമ്പോൾ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ് അവിടേയ്ക്ക് മാറ്റുന്നതാണ്. |
| (ബി) പ്രസ്തുത കെട്ടിടത്തിന് പ്രതിമാസം എത്ര തുകയാണ് വാടകയിനത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രതിമാസം 37,055/- രൂപ (എഗ്രിമെന്റ് തീയതി 9.3.2009) . |
| (സി) വാടകക്കെട്ടിടത്തിന് നഗരസഭയിൽ നിന്നും ഏജ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ; | (സി) നഗരസഭയിൽ നിന്നും ഏജ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. |
| (ഡി) ജീവന് ഭീഷണിയാകുംവിധം പഴക്കം ചെന്ന ഈ കെട്ടിടത്തിൽ നിന്നും ഓഫീസ് മാറ്റുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ സുസ്ഥിരമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ? | (ഡി) ചോദ്യം എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ